3. നേതൃത്വ പരിശീലനങ്ങൾ

4. സാഹസിക പരിശീലന പരിപാടികൾ

5. കാർഷിക വികസന പദ്ധതികൾ

6. നാടൻ കലാപരിശീലനം

ഇവ കൂടാതെ ക്ലബുകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(ബി) സർക്കാരിൽ നിന്നും യുവജനക്ഷേമ ബോർഡിന് വർഷാവർഷം അനുവദിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് യൂത്ത് വെൽഫയർ ബോർഡിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുന്ന പദ്ധതികൾ/പരിപാടികൾക്കാണ് ധനസഹായം നൽകിവരുന്നത്. ധനസഹായം നൽകുന്നതിനാധാരമായ കഴിഞ്ഞ രണ്ടു വർഷത്തെ ബോർഡ് തീരുമാനങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

151 (217) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) യുവജനക്ഷേമ ബോർഡിൽ യൂത്ത് കോ-ഓർഡിനേറ്റർ, ജില്ലാ യൂത്ത് പ്രോംഗ്രാം ഓഫീസർ എന്നിവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) യൂത്ത് കോ-ഓർഡിനേറ്റർമാർക്കും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർക്കും നൽകിവരുന്ന സേവന വേതനങ്ങളും ആനുകൂല്യങ്ങളും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള യൂത്ത് കോ-ഓർഡിനേറ്റർമാരെയും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരെയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന യൂത്ത് കോ-ഓർഡിനേറ്റർമാരും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരും ആരൊക്കെയാണെന്ന് ജില്ലയും പേരും സഹിതം വെളിപ്പെടുത്തുമോ ;

(എഫ്) യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെയും തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെപറയുന്നവയാണ്.

1. യുവശക്തി
2. കേരളോത്സവം
3. യുവകർമ്മസേന
4. കൗമാര പ്രായക്കാരുടെ ശാക്തീകരണം സനാഥബാല്യം പദ്ധതി
5. സ്വയംതൊഴിൽ പരിശീലന പദ്ധതി
6. ബോധവൽക്കരണ പരിപാടികൾ
7. സാഹസിക പ്രവർത്തനങ്ങൾ
8. യുവജനപ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബിനും/സന്നദ്ധ സംഘടനയ്ക്കും വ്യക്തിക്കും യൂത്ത് അവാർഡ്
9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ
10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്.
11. യുവാക്കൾക്കായി എക്സിബിഷൻ
12. നാടൻകലകളിൽ പരിശീലനം.
13. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ
14. യുവനേതൃത്വക്യാമ്പ്./ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്
15. യുവാക്കൾക്കായി ബോട്ട്ക്രൂ പരിശീലനം
16. ജാലകം പദ്ധതി.
17. ആദിവാസി/ഗോത്ര വർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേള, യുവകാർഷിക ക്ലബുകൾ, വനിതാ യൂത്ത് ക്ലബുകൾ എന്നിവയുടെ പ്രവർത്തനം.

(ബി) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണസമിതി 3 പേരുടെ ലിസ്റ്റ് തയ്യാറാക്കി യുവജനക്ഷേമ ബോർഡിന് സമർപ്പിക്കുന്നതിൽ നിന്നും ഒരാളെ യുവജനക്ഷേമബോർഡ് തെരഞ്ഞെടുത്ത് യൂത്ത് കോ-ഓർഡിനേറ്ററായി നിയമിക്കുകയാണ് ചെയ്യുന്നത്. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമിക്കാറുള്ളത്.

(സി) യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസം 1,500 രൂപ ഓണറേറിയമായും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർക്ക് കരാറടിസ്ഥാനത്തിൽ പ്രതിമാസം 12,000 രൂപ സമാഹൃത ശമ്പളമായും നൽകിവരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) യൂത്ത് കോ-ഓർഡിനേറ്റർമാരുടെ തസ്തിക സ്ഥിരം തസ്തികകളല്ല. യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെ യോഗ്യത, നിയമന രീതി എന്നിവ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

152 (218) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കിവരുന്ന പ്രധാന ക്ഷേമപ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

1. യുവശക്തി
2. കേരളോത്സവം
3. യുവകർമ്മസേന
4. കൗമാര പ്രായക്കാരുടെ ശാക്തീകരണം സനാഥബാല്യം പദ്ധതി
5. സ്വയംതൊഴിൽ പരിശീലന പദ്ധതി
6. ബോധവൽക്കരണ പരിപാടികൾ
7. സാഹസിക പ്രവർത്തനങ്ങൾ
8. യുവജനപ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബിനും/സന്നദ്ധ സംഘടനയ്ക്കും വ്യക്തിക്കും യൂത്ത് അവാർഡ്
9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കുക.
10. വനിതായൂത്ത് ക്ലബ്
11. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
12. യുവജനങ്ങൾക്കായി എക്സിബിഷൻ
13. നാടൻകലകളിൽ പരിശീലനം
14. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly